**<u>സർക്കുലർ</u>**

154/3 /NSS/DHSE/2018 20/12/2018

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം ഈ വർഷത്തെ സപ്തദിന ക്യാമ്പ് 2018 ഡിസംബർ 22 രാവിലെ 8 മണിയ്ക്ക് ആരംഭിച്ച് 28 ന് വൈകുന്നേരം 3 മണിയ്ക്ക് അവസാനിപ്പിക്കേണ്ടതാണ്.

ഗ്രാന്റ് ഇൻ എയ്ഡ് തുക കേന്ദ്ര സർക്കാർ ഉടനെ അനുവദിക്കുമെന്നും എന്നാൽ സ്പെഷ്യൽ ക്യാമ്പിന് ഫണ്ട് അനിവാര്യമായതിനാൽ ആവശ്യമായ തുക പി.റ്റി.എ ഫണ്ടിൽ നിന്നോ മറ്റ് ലഭ്യമായ ഫണ്ടുകളിൽ നിന്നോ കണ്ടെത്തേണ്ടതാണെന്നും സ്റ്റേറ്റ് എൻഎസ്എസ് ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്. ഗ്രാന്റ് ഇൻ എയ്ഡ് തുക ലഭിക്കുമ്പോൾ ടി തുക തിരികെ നൽകേണ്ടതാണ്. ശുചിത്വ മിഷന്റെ ട്രെയിനിംഗിൽ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ ഫണ്ട് അനുവദിച്ചത് സ്പെഷ്യൽ ക്യാമ്പിലേയ്ക്ക് ഉപയോഗിക്കേണ്ടതാണ്.

**<u>സ്പെഷ്യൽ ക്യാമ്പ് നിർദ്ദേശങ്ങൾ</u>**

- എൻറോൾ ചെയ്യാത്ത വിദ്യാർത്ഥികളെ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല.
- സ്പെഷ്യൽ ക്യാമ്പിൽ വോളണ്ടിയർ ഹാജരാകത്തതിനുള്ള കാരണം പ്രോഗ്രാം ഓഫീസർ അറ്റൻഡൻസിൽ രേഖപ്പെടുത്തേണ്ടതാണ്, മതിയായ കാരണം രേഖപ്പെടുത്താത്തവർക്ക് രണ്ടാം വർഷം ക്യാമ്പിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കുന്നതല്ല.

- എൻഎസ്എസ് സെല്ലിൽ നിന്നും പ്രത്യേക അനുമതി ലഭിച്ച രണ്ടാം വർഷ വോളണ്ടിയർമാർ മാത്രമേ ക്യാമ്പിൽ പങ്കെടുക്കാൻ പാടുള്ളൂ.

- **സ്പെഷ്യൽ ക്യാമ്പ് സന്ദർശിക്കുന്ന എൻഎസ്എസ് ഉദ്യോഗസ്ഥർ സ്പെഷ്യൽ ക്യാമ്പ് രജിസ്റ്ററിനോടൊപ്പം റെഗുലർ ആക്ടിവിറ്റി അറ്റൻഡൻസും പരിശോധിക്കേണ്ടതും ക്യാമ്പിൽ ഹാജരാകാത്ത വോളണ്ടിയർമാർ റെഗുലർ ആക്ടിവിറ്റിയിൽ പങ്കെടുത്തിട്ടില്ലെങ്കിൽ ആ വിവരം റെഗുലർ ആക്ടിവിറ്റി രജിസ്റ്ററിലും സ്പെഷ്യൽ ക്യാമ്പ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്.**

- **പ്രോഗ്രാം ഓഫീസർമാർ ഇ റ്റി ഐ പരിശീലനം ലഭിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പോ, ഹയർ സെക്കണ്ടറി എൻഎസ്എസ് സെൽ നടത്തിയ പരിശീലന സർട്ടിഫിക്കറ്റിന്റെ പകർപ്പോ ക്യാമ്പിൽ സൂക്ഷിക്കേണ്ടതും പരിശീലനം ലഭിച്ചിട്ടില്ലാത്തവർ ചുവടെ ചേർക്കുന്ന(**) സമ്മതപത്രം പിഎസിയെ ഏൽപ്പിക്കേണ്ടതും പിഎസി അംഗങ്ങൾ ജില്ലാ കൺവീനർ മുഖാന്തിരം 2019 ജനുവരി 5 ന് മുൻപായി എൻഎസ്എസ് സെല്ലിൽ ലഭ്യമാക്കേണ്ടതുമാണ്. സമ്മതപത്രം നൽകിയ ശേഷം അടുത്ത ട്രെയിനിംഗിൽ പങ്കെടുക്കാതിരുന്നാൽ പ്രോഗ്രാം ഓഫീസറുടെ യൂണിറ്റിനെ ഗ്രേസ് മാർക്കിന് പരിഗണിക്കുന്നതല്ല.**

- രക്ഷകർത്താക്കളുടെ സന്ദർശനം ക്യാമ്പിനു തടസ്സമാകാത്ത രീതിയിൽ മാത്രമേ അനുവദിക്കാൻ പാടുള്ളൂ. പ്രിൻസിപ്പൽ നിയോഗിച്ച അധ്യാപക/അധ്യാപികമാർ മാത്രമേ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ പാടുള്ളൂ.

- **ക്യാമ്പ് ആരംഭിക്കുന്ന ദിവസം രാവിലെ 8 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കേണ്ടതും 10 മണിക്ക് ക്യാമ്പിന്റെ പ്രവർത്തനങ്ങൾ തുടങ്ങേണ്ടതുമാണ്. ഉദ്ഘാടന സമ്മേളനം ഉദ്ഘാടകന്റെ സൗകര്യാർത്ഥം ക്രമീകരിക്കേണ്ടതാണ്.**

- വോളണ്ടിയർമാർ ക്യാമ്പിൽ മൊബൈൽ ഫോണിന്റെ ഉപയോഗം നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.
- സ്പെഷ്യൽ ക്യാമ്പുമായി ബന്ധപ്പെട്ട് പഠന യാത്രകൾ, ട്രക്കിംഗ്, ക്യാമ്പ് ഫയർ എന്നിവ പാടുള്ളതല്ല.
- **നദി, കുളം,കനാൽ എന്നിവയുമായി ബന്ധപ്പെട്ട ശ്രമദാനത്തിൽ ഏർപ്പെടേണ്ട സന്ദർഭത്തിൽ പ്രോഗ്രാം ഓഫീസറുടെയും വിദഗ്ധരുടെയും മേൽനോട്ടത്തിൽ മാത്രമേ നടത്താവൂ. വോളണ്ടിയർമാരുടെ സുരക്ഷ പൂർണ്ണമായും ഉറപ്പുവരുത്തേണ്ടതാണ്.**
- സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ക്യാമ്പിനു പുറത്തു പോകുമ്പോൾ ഗ്രൂപ്പായി മാത്രമേ വോളണ്ടിയ്രമാരെ നിയോഗിക്കാവൂ. പ്രവർത്തനം കഴിഞ്ഞ് എല്ലാവരും ക്യാമ്പിൽ എത്തി എന്നു പ്രോഗ്രാം ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. **ക്യാമ്പിലും ക്യാമ്പിനു പുറത്തും വോളണ്ടിയർമാർ എൻഎസ്എസിന്റേതായ അച്ചടക്കം പാലിക്കേണ്ടതാണ്.**

വോളണ്ടിയർമാരുടെയും പ്രോഗ്രാം ഓഫീസറുടെയും പ്രിൻസിപ്പലിന്റെയും അധ്യാപക/അനധ്യാപകരുടെയും രക്ഷകർത്താക്കളുടെയും മാധ്യമ പ്രവർത്തകരുടെയും പൂർണ്ണ സഹകരണം ക്യാമ്പ് വിജയകരമാക്കാൻ സഹായിക്കും.

എല്ലാ എൻഎസ്എസ് കുടുംബാംഗങ്ങൾക്കും വിജയകരമായ ക്യാമ്പ് ആശംസിക്കുന്നതോടൊപ്പം ക്രിസ്തുമസ് പുതുവത്സരാശംസകൾ.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ

**

സമ്മത പത്രം

.......................................................ജില്ലയിലെ ..............................................................................................

ഹയർ സെക്കണ്ടറി സ്കൂളിലെ പ്രോഗ്രാം ഓഫീസറായ ശ്രീ/ശ്രീമതി/ഡോ........................................................................................... ന് /യ്ക്ക് ഇ റ്റി ഐ ട്രെയിനിംഗ് ലഭിച്ചിട്ടില്ലാത്തതും ,ഹയർ സെക്കണ്ടറി എൻഎസ്എസ് സെൽ നട ത്തിയ പ്രോഗ്രാം ഓഫീസർമാരുടെ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ സാധി ക്കാത്തതിനാൽ എൻഎസ്എസ് സെൽ 2019 ജനുവരിയിൽ നടത്തുന്ന പ്രോഗ്രാം ഓഫീ സർമാരുടെ ട്രെയിനിംഗിൽ പങ്കെടുക്കാമെന്ന് സമ്മതിക്കുന്നു.

പ്രോഗ്രാം ഓഫീസറുടെ ഒപ്പ്

ഫോൺ നമ്പർ

പ്രിൻസിപ്പലിന്റെ പേര്

ഒപ്പ്

( സ്കൂളിന്റെ സീൽ)